# വാഴ

## രുചിഭേദവും കൃഷിപ്പെരുമയും

**ഫാം ഇൻഫർമേഷൻ ബ്യൂറോ**
**കേരള സർക്കാർ**

# വാഴ – രുചിഭേദവും കൃഷിപ്പെരുമയും


| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | **എ.എം. സുനിൽ കുമാർ**<br>*പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ* |
| രചന | : | **സുരേഷ് മുതുകുളം**<br>*എഡിറ്റർ, കേരളകർഷകൻ* |
| എഡിറ്റർ | : | **എലിസബത്ത് ജോർജ്**<br>*പബ്ലിക്കേഷൻ ഓഫീസർ* |
| ലേ ഔട്ട് | : | **ദീപക് മൗത്താട്ടിൽ** |

ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം

# ആമുഖം

വൈവിധ്യമാർന്ന വാഴപ്പഴങ്ങളുടെ നാടാണ് കേരളം. ആരെയും അതിശയിപ്പിക്കുന്ന ഇനവൈവിധ്യമാണ് ഇവിടെ നിലവിലുള്ളത്. വാഴയിനങ്ങളിൽ അധികവും നമ്മുടെ സംസ്കാരവും ആചാരങ്ങളുമായൊക്കെ അഭേദ്യബന്ധം പുലർത്തുകയും ചെയ്യുന്നു. ലഭ്യമായ സ്ഥലത്ത് ഇടവിളയായി വളർത്തിയും വാഴയിൽ നിന്ന് ആദായമെടുക്കാം. പോഷകസമൃദ്ധമായതിനാൽ വാഴപ്പഴത്തിന്റെ ഉപയോഗം നാട്ടിലും മറുനാട്ടിലും വർധിക്കുകയും ചെയ്യുന്നു. ഈ സാഹചര്യം ഉപയോഗിച്ച് കേരളത്തിലും വാഴക്കൃഷി വിപുലീകരിക്കാൻ അനന്തസാധ്യതകളുണ്ട്. ഇതിലേക്കുള്ള പ്രേരണ എന്ന നിലയ്ക്കാണ് ഈ ലഘുപുസ്തകം പ്രസിദ്ധീകരിക്കുന്നത്. വാഴക്കൃഷിയിലേക്ക് വരാനും ഇപ്പോൾ കൃഷി ചെയ്യുന്നവർക്ക് കൂടുതൽ പ്രചോദനമാകാനും ഇത് സഹായകമാകും എന്ന് പ്രതീക്ഷിക്കുന്നു.

ചീഫ് എഡിറ്റർ

# രുചിഭേദവും കൃഷിപ്പെരുമയും

രുചിയിലും നിറത്തിലും വലിപ്പത്തിലും രൂപത്തിലുമൊക്കെ വിസ്മയ കരമായ വൈവിധ്യം പുലർത്തുന്ന വാഴപ്പഴങ്ങളുടെ നാടാണ് കേരളം. മറ്റൊരു നാടിനും ഇത്രയേറെ വാഴപ്പഴവൈവിധ്യം അവകാശപ്പെടാനാവില്ല. മാത്രവു മല്ല, നമ്മുടെ ജീവിതവും സംസ്കാരവും വിശ്വാസവുമൊക്കെയായി വാഴ പ്പഴം ഏറെ ഇഴുകിച്ചേർന്നിരിക്കുന്നു. വിടർന്ന കൂമ്പോടുകൂടിയ വാഴക്കുല എല്ലാ സദ്സംരംഭങ്ങളുടെയും മുന്നൊരുക്കത്തിനു നിർബന്ധമാണ്. തൂശ നിലയിൽ വിളമ്പുന്ന സ്വാദേറിയ ഭക്ഷണം അതൊന്നുകൊണ്ടു മാത്രം വളരെ പെരുമ നേടിക്കഴിഞ്ഞതാണ്. ഒന്നു വാട്ടിയ വാഴയിലയിൽ പൊതിഞ്ഞെ ടുത്ത ചോറും വാഴയില പൊതിഞ്ഞ് പൊള്ളിച്ചെടുക്കുന്ന മത്സ്യവും ഒക്കെ അതിന്റെ വേറിട്ട സ്വാദും സുഗന്ധവും കൊണ്ട് ആരെയും ആകർഷിക്കും. വാഴപ്പഴം സ്വർഗീയ ഫലമാണെങ്കിൽ വാഴക്കൂമ്പും പിണ്ടിയും നാരു കലർന്ന ഒന്നാംതരം ഭക്ഷണപദാർത്ഥങ്ങളാണ്. വാഴപ്പഴത്തിൽനിന്ന് തയ്യാറാക്കാവുന്ന സ്വാദേറിയ ഭക്ഷ്യോത്പന്നങ്ങൾ ധാരാളമുണ്ട്. പോരാത്തതിന് വാഴനാര് വേർതിരിച്ച് സംസ്കരിച്ച് നിറം ചേർത്ത് ഒന്നാംതരം കരകൗശല ഉത്പന്ന ങ്ങൾ തയ്യാറാക്കുന്നു. വാഴനാരിൽനിന്ന് നിർമ്മിക്കുന്ന മികച്ച റെഡിമെയ്ഡ് ഷർട്ട് വരെ ഇന്ന് വിപണിയിലുണ്ട്. ചുരുക്കത്തിൽ വാഴ നമുക്ക് നമ്മുടെ നിത്യജീവിതത്തിന്റെ ഒരു ആചാര-സാംസ്കാരിക പ്രതീകം മാത്രമല്ല, ആദാ യകരമായ ഒരു വിളയാണ്, കൃഷിയാണ്, ജീവനോപാധിയാണ്. ഇന്നിപ്പോൾ വാഴയുടെ മൂല്യവർധനയ്ക്കും വിപണനത്തിനും ഏറെ പ്രാധാന്യവും കൈവ ന്നിരിക്കുന്നു. വാഴക്കൃഷിയിലും വിപണനത്തിലും ഉത്പന്ന നിർമ്മാണത്തി നുമെല്ലാം മനസ്സുവച്ചാൽ ഇനിയും നമുക്ക് ബഹുദൂരം മുന്നേറാൻ കഴിയും എന്ന കാര്യത്തിൽ സംശയമില്ല. ആഭ്യന്തര വിപണിയിൽ വർധിച്ചുവരുന്ന പ്രിയവും കയറ്റുമതി സാധ്യതയും മൂല്യവർധിത ഉത്പന്നങ്ങൾ നിർമ്മിക്കാ നുള്ള പുതിയ സംരംഭങ്ങളും ഒക്കെ നോക്കിയാൽ ഇന്ന് വാഴക്കൃഷിക്ക് അനു കൂലമായ സാഹചര്യങ്ങളാണ് നിലവിലുള്ളത്.

# അല്പം കൃഷിക്കാര്യം

മികച്ച ഇനങ്ങൾ, കേടും കീടവുമില്ലാത്ത കന്നുകൾ, ജൈവ-രാസ വളങ്ങളുടെ സന്തുലിതമായ സമന്വയം, ശ്രദ്ധയോടെയുള്ള പരിചരണം -ഇ ത്രയും കാര്യങ്ങളിൽ ശ്രദ്ധിച്ചാൽ വാഴക്കൃഷി ലാഭകരമാക്കാം.

വാഴക്കൃഷിക്ക് രണ്ട് സീസണുണ്ട്. (ഒന്ന്) മഴയെ ആശ്രയിച്ചുള്ള കൃഷിയുടെ ഏപ്രിൽ-മേയ്. (രണ്ട്) നനക്കൃഷിക്ക് ആഗസ്റ്റ്-സെപ്തംബർ. കനത്തമഴയും കടുത്ത വളർച്ചയും ഇതു രണ്ടും വാഴ നടാൻ ഉചിതമല്ല.

വാഴക്കന്നിലുമുണ്ട് ശ്രദ്ധിക്കാൻ ചില കാര്യങ്ങൾ. കന്ന് രണ്ടു തരമാണ്; സൂചിക്കന്നും പീലിക്കന്നും. നടാൻ നന്ന് സൂചിക്കന്നാണ്. മാതൃവാഴയുടെ മാണത്തിന്റെ ഉൾഭാഗത്തുനിന്നാണ് സൂചിക്കന്നുണ്ടാകുക. ഇതിന്റെ അടിഭാഗത്തിന് നല്ല വണ്ണമുണ്ടാവും. മുകളിലേക്ക് പോകുംതോറും കൂർത്ത് വരും. പീലിക്കന്നിനാകട്ടെ കരുത്ത് കുറയും. ഇത് നടാൻ നന്നല്ല. 3-4 മാസം പ്രായമായ സൂചിക്കന്ന് നടാം. നല്ല കുല തരുന്ന, രോഗ-കീടബാധയില്ലാത്ത മാതൃവാഴയിൽ നിന്നേ കന്നെടുക്കാൻ പാടുള്ളൂ. ഒരേ പ്രായവും ഏതാണ്ട് ഒരേ വലിപ്പവുമുള്ള കന്നുകൾ ഒരുമിച്ച് നട്ടാൽ വിളവെടുപ്പും ഒന്നിച്ചാകാം. നടാനുദ്ദേശിക്കുന്ന കന്നുകൾ കുല വെട്ടി ഒരു മാസത്തിനകം തന്നെ ഇളക്കിയെടുക്കണം. കന്നിന്റെ തലപ്പ് മുറിച്ച് നീക്കണം. ചാണകവും ചാരവും ചേർത്ത് തയാറാക്കുന്ന കുഴമ്പിൽ കന്ന് മുക്കി 3-4 ദിവസം വെയിലത്തുണക്കിയാൽ നടാം.

നടീലിന് 15 ദിവസം മുമ്പുവരെ തണലിൽ വയ്ക്കാം. നേരത്തേ തയ്യാറാക്കിയിട്ടിരിക്കുന്ന കുഴിയിൽ അടിവളപ്രയോഗത്തിനുശേഷം ഒത്ത നടുവിലായി ഒരു ചെറിയ കുഴിയെടുത്ത് കന്ന് നേരെ നർത്തി നടണം. കന്നിന്റെ അറ്റം അല്പം പുറത്തുകാണുംവിധം ചുറ്റം മണ്ണിട്ട് ചവിട്ടി ഉറപ്പിക്കുക. നടുന്നത് വേനൽക്കാലത്താണെങ്കിൽ കുഴിയിൽ കരിയിലയിട്ട് പുതയിട്ടാൽ മണ്ണിൽ ഈർപ്പം നിൽക്കും.

അടുത്തടുത്ത് വാഴ നടുമ്പോൾ ഇടയകലത്തിൽ ശ്രദ്ധ വേണം. ഇത് ഇനമനുസരിച്ച് വ്യത്യാസപ്പെടുത്താം. ഉയരം കൂടിയ വാഴകൾ കൂടുതൽ അകലത്തിലും ഉയരം കുറഞ്ഞവ അകലം കുറച്ചും നടാം. ഇടയകലപ്പട്ടിക നോക്കുക.

| **ഇനം** | **ഇടയകലം (മീറ്റർ)** | **ഒരു ഹെക്ടറിൽ നടാവുന്ന വാഴകൾ** |
|---|---|---|
| നേന്ത്രൻ | 2 X 2 | 2500 |
| പാളയംകോടൻ, പൂവൻ, ചെങ്കദളി, മൊന്തൻ, റോബസ്റ്റ, മോണസ് മേരി | 2.1 X 2.1 | 2260 |
| ഡ്വാർഫ് കാവൻഡിഷ് | 2.4 X 1.8 | 2310 |
| ഗ്രോമിഷൽ | 2.4 X 2.4 | 1730 |

## വളം, വളപ്രയോഗം

സന്തുലിതമായ തോതിൽ ജൈവ-രാസവളങ്ങൾ നൽകി വളർത്തിയാൽ വാഴ ആദായം തരും. വാഴ നടുമ്പോൾ അടിവളമായി എല്ലാറ്റിനും കമ്പോസ്റ്റോ കാലിവളമോ പച്ചിലകളോ ഒരു വാഴയ്ക്ക് 10 കിലോ എന്ന തോതിൽ നൽകണം. പുളിരസ (അമ്ലത) മുള്ള മണ്ണിലാണെങ്കിൽ ഒരു കിലോ

കുമ്മായം നടുമ്പോൾ ചേർക്കാം. മണ്ണിലെ ജൈവാംശം വർധിപ്പിക്കാൻ ഇടവിളയായി പയർ, ചണമ്പ്, ഡെയിഞ്ച എന്നിവ വളർത്തുകയും 40 ദിവസത്തിനുശേഷം പിഴുത് മണ്ണിൽ ചേർക്കുകയും ചെയ്യാം. ഇത് കളവളർച്ച തടയും. വാഴയ്ക്കു വേണ്ട പച്ചിലവളവും നൽകും.

ജൈവവളം കഴിഞ്ഞാൽ രാസവളപ്രയോഗം നടത്താം. ഇവിടെയുമുണ്ട് ഇനവ്യത്യാസം. നേന്ത്രവാഴയുടെ വിവിധ ഘട്ടങ്ങളിലുള്ള രാസവളശുപാർശ മനസ്സിലാക്കാൻ വളപ്രയോഗ പട്ടിക സഹായിക്കും.

| വളപ്രയോഗ സമയം | നൈട്രജൻ | ഫോസ്ഫറസ് | പൊട്ടാഷ് | യൂറിയ | രാജ്ഫോസ് | മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് |
|---|---|---|---|---|---|---|
| നടുമ്പോൾ | 40 | 65 | 60 | 90 | 300 | 100 |
| നട്ട് ഒരു മാസം കഴിഞ്ഞ് | 30 | 50 | 60 | 65 | 275 | 100 |
| നട്ട് 2 മാസം കഴിഞ്ഞ് | 30 | – | 60 | 65 | – | 100 |
| നട്ട് 4 മാസം കഴിഞ്ഞ് | 30 | – | 60 | 65 | – | 100 |
| നട്ട് 5 മാസം കഴിഞ്ഞ് | 30 | – | 60 | 65 | – | 100 |
| കുല വന്നു കഴിഞ്ഞ് | 30 | – | – | 65 | – | – |
| ആകെ (ഒരു വാഴയ്ക്ക്) | 190 | 115 | 300 | 415 | 575 | 500 |

നന നേന്ത്രന് ആറു തവണയായി വളം ചേർക്കുകയാണ് നല്ലതെന്ന് ഈ പട്ടികയിൽനിന്ന് വ്യക്തമായല്ലോ. നൈട്രജൻ, പൊട്ടാഷ് എന്നിവ ഇങ്ങനെ വിവിധഘട്ടത്തിൽ ചേർത്താൽ കുലയുടെ വലിപ്പവും കായ്കളുടെ എണ്ണവും കൂടും. മാത്രവുമല്ല, തവണകളായി നൽകുമ്പോൾ വെള്ളത്തിലൂടെയും മറ്റുമുള്ള വളനഷ്ടം കുറയ്ക്കാം. ഫോസ്ഫറസ് വളം വളർച്ചയുടെ തുടക്കത്തിലാണ്  വേണ്ടതും.

ഇനി നനയ്ക്കാതെ കൃഷിയിറക്കുന്ന പാളയംകോടന് ഒരു വർഷം 100 ഗ്രാം നൈട്രജൻ, 200 ഗ്രാം  ഫോസ്ഫറസ്, 400 ഗ്രാം പൊട്ടാഷ് എന്നിവയാണ് ചേർക്കേണ്ടത്. ഇതു ലഭിക്കാൻ 200 ഗ്രാം യൂറിയ, 900 ഗ്രാം രാജ്ഫോസ്, 665 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ നൽകണം.

മറ്റിനങ്ങൾക്കുള്ള പൊതുശുപാർശപ്രകാരം 160–200 ഗ്രാം നൈട്രജൻ, 160–200 ഗ്രാം ഫോസ്ഫറസ്, 350–400 ഗ്രാം പൊട്ടാഷ് ഇവ ലഭിക്കാൻ 350–440 ഗ്രാം യൂറിയ, 720–900 ഗ്രാം രാജ്ഫോസ്, 525–665 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവയാണ് വേണ്ടത്. മറ്റിനങ്ങൾക്കായാലും വളപ്രയോഗം വിവിധ ഘട്ടങ്ങളിൽ നടത്തുകയാണ് നന്ന്. ജൈവവളങ്ങൾ അടിവളമായി

നൽകണം. രാസവളങ്ങൾ സാധാരണയായി വാഴ നട്ട് രണ്ട് മാസം കഴിഞ്ഞും നാലു മാസം കഴിഞ്ഞും രണ്ട് തുല്യ പകുതികളായി ചേർക്കാം.

വാഴയിൽനിന്ന് 60–75 സെ. മീറ്റർ മാറി വേണം വളം ചേർക്കാൻ. മണ്ണിൽ ഈർപ്പം നിർബന്ധം. വളരെ ആഴത്തിലേക്ക് വളം ചേർക്കേണ്ടതുമില്ല.

## നനവാഴ

മഴയെ ആശ്രയിക്കാത്ത വാഴക്കൃഷിയിൽ നന നിർബന്ധമാണ്. സെപ്റ്റംബർ–നവംബറിൽ നട്ട വാഴ ഡിസംബർ അവസാനമോ ജനുവരിയിലോ നനയ്ക്കണം. ഒരു വാഴയ്ക്ക് 15 ലിറ്റർ വെള്ളം വേണം. മൂന്നു ദിവസത്തിലൊരിക്കൽ മതി നന. നേന്ത്രവാഴയ്ക്ക് ആഴ്ചയിലൊരിക്കൽ നനയ്ക്കണം. മറ്റിനങ്ങൾക്ക് പൊതുവെ രണ്ടാഴ്ചയിലൊരിക്കൽ നനയ്ക്കാം. മഴ തുടങ്ങുന്നതോടെ നീർവാർച്ചയും ഉറപ്പാക്കണം. വാഴത്തോട്ടങ്ങളിൽ രണ്ടോ മൂന്നോ വരി വാഴയ്ക്ക് ഇടയ്ക്ക് ചാലു കീറിയിരുന്നാൽ വെള്ളക്കെട്ടൊഴിവാകും.

## ഇതര പരിചരണം

വാഴത്തോട്ടത്തിൽ കള വളർച്ച തടയാനായാൽ നന്ന്. ഇതിന് മൂന്ന് നാലു തവണ ഇടയിളക്കിയാൽ മതി. ഇങ്ങനെ ചെയ്യുമ്പോൾ വേരുകൾ മുറിയാതെ നോക്കണം. അതുപോലെ കുല വരുന്നതിനും മുമ്പുള്ള കന്നുകളും ചവിട്ടി നശിപ്പിക്കുകയോ ഇളക്കി മാറ്റുകയോ വേണം. കുല വന്നു കഴിഞ്ഞുള്ള ഒന്നോ രണ്ടോ കന്നുകൾ മാത്രം വളരാൻ അനുവദിച്ചാൽ മതി.

# സസ്യസംരക്ഷണം

### കുറുനാമ്പ് മുതൽ വാട്ടംവരെ

വാഴപ്പേനുകൾ പരത്തുന്ന കുറുനാമ്പ് എന്ന വൈറസ് രോഗമാണ് മാരകം. വൈറസ് ബാധിച്ച വാഴയിൽ 25–30 ദിവസം കഴിഞ്ഞാൽ രോഗലക്ഷണം കാണാം. വിരിയുന്ന ഇലകൾ ചുരുങ്ങി, തിങ്ങിഞെരുങ്ങി കൂമ്പടഞ്ഞുപോകും. രോഗബാധിതമായ വാഴ പിഴുതു നശിപ്പിക്കുക. രോഗബാധയില്ലാത്ത തോട്ടങ്ങളിൽ നിന്നു മാത്രം കന്നുകളെടുക്കുക. കീടനാശിനികൾ പ്രയോഗിച്ച് വാഴപ്പേനുകളെ നശിപ്പിക്കുക.

മറ്റൊരു വൈറസ് രോഗമാണ് കൊക്കാൻ. വാഴപ്പേനുകളാണ് ഇത് പരത്തുന്നത്. വാഴയുടെ പുറംപോളയിൽ വല്ലാത്ത ചുവപ്പുനിറം കാണാം. ഇത് ക്രമേണ നീളത്തിൽ വരകളായി പടർന്നു കയറും. പുറംപോളകൾ തടയിൽനിന്നിളകി ഒടിയും. വാഴനശിക്കും. രോഗബാധിതമായ കന്നുകൾ ഒഴിവാക്കുക. രോഗലക്ഷണം കണ്ടാൽ ഒരു കിലോ കുമ്മായവും 200 ഗ്രാം മഗ്നീഷ്യം സൾഫേറ്റും ചേർക്കുക, കീടനാശിനികൾ പ്രയോഗിച്ച് വാഴപോളകളെ നശിപ്പിക്കുക.

മഴക്കാലത്തോടെ വാഴയിലയിൽ മഞ്ഞനിറത്തിൽ വരകൾ കാണാം. ഇത് ഇലപ്പുള്ളിയാണ്. ഈ മഞ്ഞവരകളും നടുഭാഗം കഴിഞ്ഞ് പുള്ളികളായി മാറും. പുള്ളികൾ ഒന്നിച്ച് ചേർന്നാൽ ഇല ഒടിഞ്ഞ് തൂങ്ങും. രോഗം ബാധിച്ച ഇലകൾ മുറിച്ചു മാറ്റി ഒരു ശതമാനം ബോർഡോ മിശ്രിതം തളിക്കുക.

വാഴയുടെ പുറമേയുള്ള ഇലകൾ മഞ്ഞളിച്ച് കൂമ്പിലയൊഴികെ ബാക്കിയെല്ലാ ഇലകളും ഒടിഞ്ഞു തൂങ്ങുകയും വാഴത്തടയിൽ വിള്ളലുകൾ വീഴ്ത്തുകയും ചെയ്യുന്നതാണ് പനാമവാട്ടം. ഇതൊരു കുമിൾ രോഗമാണ്. പൂവൻ, മൊന്തൻ ഇനങ്ങൾക്കാണ് ഇവ കൂടുതൽ ബാധിക്കുക. രോഗം മൂർച്ഛിക്കുമ്പോൾ വാഴ ചുവടോടെ മറിഞ്ഞു വീഴാം. ഇത്തരം വാഴകളുടെ മാണം മുറിച്ചു നോക്കിയാൽ തവിട്ടോ ചുവപ്പോ നിറത്തിൽ വരകൾ കാണാം. രോഗബാധിതമായ വാഴകൾ നശിപ്പിച്ചും തോട്ടത്തിൽ നീർവാർച്ചാ സൗകര്യം വർധിപ്പിച്ചും കുഴിയൊന്നിന് ഒരു കിലോ കുമ്മായം ചേർത്തും രോഗതീവ്രത കുറയ്ക്കാം. നടും മുൻപ് കന്ന് 0.1% വീര്യമുള്ള കാർബെൻഡാസിം കുമിൾനാശിനിയിൽ മുക്കിയിട്ട് നടുകയും ചെയ്യാം.

### തടതുരപ്പൻ മുതൽ മീലിമൂട്ടവരെ

കുലച്ചതോ കുല വരാറായതോ ആയ വാഴകളെയാണ് തടതുരപ്പൻ പുഴു പിടികൂടുന്നത്. വാഴത്തടയിൽ കാണുന്ന കറുപ്പോ ചുവപ്പോ കുത്തുകളും അവയിൽനിന്ന് ഒലിച്ചിറങ്ങുന്ന ഇളം മഞ്ഞനിറമുള്ള കൊഴുത്ത ദ്രാവകവുമാണ് ആദ്യലക്ഷണങ്ങൾ. പുഴു കുത്തിയ വാഴ ഉൾഭാഗം നശിച്ച് ഒടിഞ്ഞുവീഴും.

കൃഷിയിടത്തിലെ ശുചിത്വമാണ് പ്രധാനം. പുഴുകുത്തിയ വാഴകൾ തോട്ടത്തിൽ നിർത്തരുത്. മുറിച്ചുനീക്കി തീയിടുകയോ 1-2 അടി താഴ്ചയിൽ കുഴിച്ചുമൂടുകയോ വേണം. ഒടിഞ്ഞു തൂങ്ങുന്ന ഇലകൾ മുറിച്ചു നീക്കുക. കരുത്തുള്ള കന്നുകൾ മാത്രം നടാനെടുക്കുക. 3-3 1/2 മാസം വളർച്ചയാകുമ്പോൾ ഒരു വാഴ്ക്ക് 50 ഗ്രാം വേപ്പിൻകുരു വീതം പൊട്ടിച്ച് ഇലക്കവിളിൽ ഇട്ടുകൊടുക്കുക. അടിയന്തിരഘട്ടത്തിൽ കീടനാശിനി (കാർബാറിൽ 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തിയത്) ഒരു റോക്കർ സ്പ്രേയർ ഉപയോഗിച്ച് വാഴയുടെ ഓരോ ഇലക്കവിളിലും തളിച്ചു നിറച്ചു നിർത്തണം. വാഴത്തടയിൽ ചെളി കുഴച്ചു തേച്ചാൽ വണ്ട് മുട്ടയിടുന്നത് തടയാം.

മാണവണ്ടാണ് വാഴയുടെ മറ്റൊരു ശത്രു. വാഴമാണത്തിൽ ആണ് കടുംതവിട്ട് നിറമുള്ള മാണവണ്ടിനെ കാണുക. മാണത്തിലോ തടയുടെ ചുണ്ടിലോ ആണ് വണ്ട് മുട്ടയിടുക. ഇത് വിരിഞ്ഞുവരുന്ന പുഴുക്കൾ മാണം തുരന്ന് നശിപ്പിക്കുകയാണ് പതിവ്. ഇലകൾ മഞ്ഞളിക്കുക, നാമ്പിലകൾ വിടരാതിരിക്കുക തുടങ്ങിയവയും സംഭവിക്കാം.

കീടബാധയില്ലാത്ത കന്നുകൾ മാത്രം നടുക. തോട്ടശുചിത്വം പാലിക്കുക. കന്ന് നടുമ്പോൾ തന്നെ പുറം ചെത്തി വൃത്തിയാക്കി ചാണകവും ചാരവും കലക്കിയ വെള്ളത്തിൽ മുക്കി 3-4 ദിവസം വെയിലത്തുണക്കി

മാത്രം നടുക.

ഇലകളിലെ ഹരിതകം കാർന്നു തിന്ന് സുഷിരങ്ങൾ ഉണ്ടാക്കി നാശം വരുത്തുന്ന ഇലതീനി പുഴുക്കളും ശല്യക്കാരാണ്. തളിരിലകൾ ആണ് ഇവയ്ക്ക് പഥ്യം. വെയിലാറുന്ന സമയമാണ് പുഴുക്കൾ കൂടുതൽ ഉപദ്രവം നടത്തുക.

തോട്ടത്തിനു സമീപം ചപ്പുചവറ് കൂട്ടി തീയിട്ടാൽ പുഴുവിന്റെ ശലഭങ്ങളെ ആകർഷിച്ച് കൊല്ലാം. ഒരു ലിറ്റർ ഗോമൂത്രം 10 ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച് 10 ഗ്രാം കാന്താരിമുളകും കൂടെ അരച്ചു ചേർത്ത് ഇലക്കവിളുകളിലും നാമ്പിലയ്ക്കുള്ളിലും ഇലകളിലും ഒക്കെ തളിക്കുന്നത് നല്ലതാണ്. ഉപദ്രവം അസഹ്യമാണെങ്കിൽ മാത്രം ക്വിനാൽഫോസ് 25 ഇസി എന്ന കീടനാശിനി 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

വാഴയുടെ മാരകരോഗമായ കുറുനാമ്പ് (മണ്ടയടപ്പ്) പരത്തുന്ന വാഴപ്പേൻ അഥവാ ഏഫിഡ് ആണ് മറ്റൊരു വില്ലൻ. ഇവ ഇലക്കവിളുകളിലും മറ്റും കൂട്ടമായിരുന്ന് നീരൂറ്റിക്കുടിക്കുന്നു.

നീരുറ്റിക്കുടിച്ച് വാഴകളെ നശിപ്പിക്കുന്ന മീലിമൂട്ടകളും ഉപദ്രവകാരികളാണ്.

വേപ്പിൻപിണ്ണാക്ക് വാഴത്തടത്തിൽ ചേർത്ത് ഇവയെ നിയന്ത്രിക്കാം.

## വാഴയ്ക്കും ഇടവിളകൾ

വാഴത്തോട്ടത്തിൽ വാഴകൾക്കിടയിലുള്ള സ്ഥലം പരമാവധി പ്രയോജനപ്പെടുത്തി വിവിധ വിളകൾ ഇടവിളകളായി കൃഷി ചെയ്താൽ വാഴയ്ക്ക് കൂട്ടുമായി; അധികവരുമാനവും കിട്ടും. വാഴക്കന്ന് തടത്തിൽ നടുന്നതിനോടൊപ്പം ചീരവിത്ത് പാകുകയോ തൈകൾ ഇളക്കി നടുകയോ ചെയ്യുന്നത് പണ്ടേ നാട്ടിൽ പ്രചാരമുള്ള രീതിയാണ്. വാഴയ്ക്ക് ഏറ്റവും യോജിച്ച ഇടവിളയാണ് ചീര. പ്രത്യേകിച്ച് നനവാഴയ്ക്ക് ചീര നിർബന്ധമായും വളർത്തണം.

ചീരപോലെ തന്നെ പയറും വാഴയ്ക്ക് ചേർന്ന ഇടവിളതന്നെ. കന്ന് നടുമ്പോൾ തന്നെ, രണ്ട് നീർവാഴയ്ക്ക് ഇടയിലുള്ള സ്ഥലത്ത് പയർ വിത്ത് പാകും. കനകമണി, അനശ്വരി എന്നീ പയറുകൾ ഇതിന് ഉത്തമമാണ്. ഇവ അധികവരുമാനം തരും. വിളവെടുത്തുകഴിഞ്ഞ സസ്യഭാഗം പച്ചിലവളമാക്കാം, പോരാത്തതിന് വാഴത്തടത്തിലെ കളശല്യവും കുറയ്ക്കാം.

വാഴയ്ക്ക് കൊടുക്കുന്ന ഊന്നുതന്നെ പന്തലാക്കിക്കൊണ്ട് പാവൽ, പടവലം എന്നിവ പടർത്തിയും വാഴത്തോട്ടത്തിൽ വളർത്താം. പാവലിന്റെ പ്രീതിയും പടവലത്തിന്റെ കൗമുദിയും ഇതിന് യോജിച്ചതാണ്. നല്ല വിളവ് കിട്ടും.

വെള്ളക്കെട്ടുണ്ടാകില്ല എന്നുറപ്പിക്കാമെങ്കിൽ വഴുതന, മുളക് എന്നിവയും ഇടവിളയാക്കാം. വഴുതനയുടെ ഹരിത, മുളകിന്റ ഉജ്ജ്വല, അനുഗ്രഹ എന്നീവയാണിതിനു നന്ന്. ഇതുപോലെ തന്നെ വെള്ളരി, മത്തൻ, കുമ്പളം എന്നിവയും വെണ്ടയുടെ അനാമിക, അർക്ക എന്നീ ഇനങ്ങളും വാഴയ്ക്ക്

ചേർന്ന ഇടവിളകളാണ്. ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയ കിഴങ്ങുവിളകൾ വാഴയ്ക്ക് കൂട്ടും കർഷകന് വരുമാനവും നൽകുന്ന സന്ദർഭങ്ങളും ധാരാളം. വെവ്വേറെ പരിചരണങ്ങൾ നൽകാൻ ഓർത്തിരിക്കുക എന്നതാണ് ഇടവിള ക്കൃഷിയിലെ കാതലായ കാര്യം; അത് വളമായാലും വെള്ളമായാലും സസ്യ സംരക്ഷണ പ്രവർത്തനമായാലും ശരി.

## ഇപ്പോൾ ടിഷ്യൂകൾച്ചർ വാഴകളും

ടിഷ്യൂകൾച്ചർ വാഴത്തൈകൾക്ക് ഇപ്പോൾ പ്രിയമേറിവരുന്നു. ഇത്തരം തൈകളുപയോഗിച്ച് വിജയകരമായി വാഴക്കൃഷി ചെയ്യുന്നവർ ധാരാ ളം. ഒരു ചെടിയുടെ മുറിച്ചെടുത്ത ഭാഗങ്ങളോ കോശങ്ങളോ കൃത്രിമമാധ്യ മത്തിൽ പരീക്ഷണശാലയിൽ വളർത്തിയെടുക്കുന്ന രീതിയാണല്ലോ ടിഷ്യൂ കൾച്ചർ. ഇവയ്ക്ക് മേന്മകളേറെയാണ്. രോഗബാധയില്ലാത്ത അത്യുത്പാദ നശേഷിയുള്ള കന്നുകളിൽ നിന്നുണ്ടാകുന്ന തൈകൾക്കും അതേ ഗുണം ഉറപ്പാക്കാം. വളർച്ച ഒരുപോലെയാകുന്നതിനാൽ കൃത്യസമയത്ത് കുല മുറി ക്കാൻ കഴിയും.

ഇതിന്റെ നടീലിന് ചില പ്രത്യേകതകളുണ്ട്. ടിഷ്യൂകൾച്ചർ വാഴ ത്തൈകൾ നടുമ്പോൾ തൈകൾ തമ്മിൽ 2 മീറ്ററും വരികൾ തമ്മിൽ 2 മീറ്ററും അകലം വരുംവിധം 50 സെ.മീ. സമചതുരവും ആഴവുമുള്ള കുഴിക ളെടുത്തുവേണം നടാൻ. കുഴിയൊന്നിന് 15-20 കിലോ ചാണകപ്പൊടിയോ കമ്പോസ്റ്റോ ചേർക്കണം. പുളിരസമുള്ള ചെങ്കൽപ്രദേശങ്ങളിൽ കുഴിയൊ ന്നിന് 500 ഗ്രാം കുമ്മായവും ചേർക്കാം. ഇത്തരം കുഴികളുടെ ഒത്ത നടു വിൽ നട്ട് ഒരാഴ്ചയെങ്കിലും നേരിട്ട് വെയിലടിക്കാതെ തണൽ നൽകണം.

നട്ട് 30 ദിവസത്തിനുശേഷം ചെടിയൊന്നിന് 140 ഗ്രാം യൂറിയ, 570 ഗ്രാം റോക്ക് (രാജ്)ഫോസ്ഫേറ്റ്, 170 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്. പിന്നീട് 60 ദിവസത്തിനുശേഷവും 125,150,180 ദിവസത്തിനുശേഷവും ചെടിയൊന്നിന് 140 ഗ്രാം യൂറിയ 170 ഗ്രാം പൊട്ടാഷ് എന്നിവ മാത്രം ചേർക്കുക. വളങ്ങൾ നന്നായി യോജിപ്പിച്ച് ചെടിയുടെ ചുവട്ടിൽ നിന്ന് 30 സെ.മീ. അകലെ മണ്ണിൽ വിതറി ഇളക്കി ചേർക്കണം. വളം ചേർത്തു കഴിഞ്ഞ് നനയ്ക്കണം. മറ്റു കൃഷിപ്പണികളൊക്കെ സാധാരണ വാഴയ്ക്ക് ചെയ്യുന്നതുപോലെ തന്നെ. വൻതോതിൽ വാഴക്കന്നുകൾ അതിവേഗം തയാറാക്കാനുള്ള മാർഗമായി ടിഷ്യൂകൾച്ചർ മാറിയിരിക്കുന്നു. ഒന്നിച്ചു വിളവെടുക്കാം. വാഴകൾക്ക് രോഗ ബാധകളൊന്നും ഉണ്ടാകില്ലെന്നുമുറപ്പിക്കാം.

## പച്ചക്കദളിക്കുലകൾക്കിടക്കിടെ

കേരളത്തിലെ വാഴയിനങ്ങളുടെ വൈവിധ്യം ആരെയും അമ്പരിപ്പി ക്കുന്നതാണ്. നമ്മുടെ ജൈവസമ്പത്തിന്റെ പ്രത്യക്ഷസൂചകം കൂടെയാണ് ഈ വാഴപ്പെരുമ. ഇതുകൊണ്ടാണ് കേരളത്തെ വാഴത്തറവാട് എന്നു വിശേ ഷിപ്പിക്കുന്നത്. നൂറിലധികം ഇനം വാഴകൾ പണ്ടേക്കുപണ്ടേ കേരളത്തിന്റെ തനതു സമ്പത്തായുണ്ട്. ഇവയിൽ ഏതാണ്ട് മുപ്പതോളം ഇനങ്ങൾ കൃഷിക്ക്

യോജിച്ചതും. ഉപയോഗവും സന്ദർഭവും തിരിച്ച് ഉപയോഗിക്കാൻ കഴിയുന്ന മികച്ച ഇനം വാഴകൾ നമുക്കുണ്ട് എന്നു പറയുമ്പോൾ വാഴപ്പെരുമയുടെ മഹത്വം ഊഹിക്കാവുന്നതേയുള്ളൂ.

പൂവൻ, ഞാലിപ്പൂവൻ, കപ്പവാഴ, റോബസ്റ്റ, നേന്ത്രൻ, ഡ്വാർഫ് കാവൻഡിഷ്, ഗ്രോമിഷൽ, ചെങ്കദളി, പാളയംകോടൻ, കൂമ്പില്ലാക്കണ്ണൻ, മൊന്തൻ, പടറ്റി, ബത്തീസ, കാഞ്ചികേല, കാവേരി എന്നു വേണ്ട ഇനവൈവിധ്യം വിസ്മയാവഹം തന്നെ. ഗുരുവായൂരപ്പന് കാഴ്ചക്കുലയായി നേദിക്കുന്ന നേന്ത്രൻകാഴ്ചക്കുലകളും അമ്പലങ്ങളിൽ നിവേദ്യത്തിനുപയോഗിക്കുന്ന അമ്പലക്കദളിയും കുടപ്പനുണ്ടാകാത്ത സാൻസിബാറും തെങ്ങിനും കമുകിനും ഒക്കെ ഇടവിളയായിണങ്ങുന്ന ഞാലിപ്പൂവനും നല്ല വലിപ്പവും സുഗന്ധവുമുള്ള ചെങ്കദളിയും തെക്കൻ തിരുവിതാംകൂറിന്റെ തനതായ ചുവന്ന കപ്പവാഴയും കറിക്കുപയോഗിക്കാൻ യോജിച്ച ബത്തീസ, കാഞ്ചികേല എന്നിവയുമെല്ലാം വാഴക്കൂട്ടത്തിലെ ചില സ്പെഷ്യാലിറ്റികളാണ് എന്ന് സമ്മതിക്കാതെ തരമില്ല. ഇക്കൂട്ടത്തിൽ തൃശൂർ ജില്ലയിൽ തലപ്പള്ളി താലൂക്കിലെ കൈപ്പറമ്പ്, പുത്തൂർ, വേലൂർ, ആളൂർ മേഖലകളിൽ നടത്തുന്ന കാഴ്ചക്കുലയുടെ കൃഷിരീതി ശ്രദ്ധേയവും രസകരവുമാണ്. കാഴ്ചക്കുലയുടെ കൃഷി തുടങ്ങുന്നതുതന്നെ കന്നി പത്തിനും 24-നുമിടയ്ക്ക് അത്തം ഞാറ്റുവേലയിലാണ്. പ്രത്യേക അളവിൽ തോടും ബണ്ടും തീർത്ത് തോട്ടിൽ കുഴിയെടുത്ത് കന്നു നട്ട് കട മണ്ണിട്ടു മൂടുന്നു. കന്നുകൾ തമ്മിൽ മുന്നേകാൽ കോൽ ആണ് അകലം. കന്നു നട്ട് കുറച്ചു കഴിയുമ്പോൾ തോലുവച്ച് പച്ചച്ചാണകവും വിതറി തണ്ടിലെ മണ്ണിട്ട് തോട് മൂടും. വേണ്ടപ്പോൾ നനയും ഇടയ്ക്ക് ചാരവും മാത്രം വളം. മീനം പകുതിയിൽ ഊന്നു കൊടുക്കും. വാഴ കുലച്ചാൽ ഊന്നു കൊടുത്ത് കൂട്ടിക്കെട്ടും. കുലച്ച് 25 ദിവസം കഴിഞ്ഞാൽ ഉണങ്ങിയ വാഴയില കൊണ്ട് കുല പൊതിയും. ഒന്നരമാസം കഴിഞ്ഞ് പൊതിയഴിച്ചു നോക്കണം. കായ്കൾക്ക് ചുവപ്പുരാശിയും സ്വർണ്ണനിറവും ആയാൽ കാഴ്ചക്കുലകളുടെ മുഖമുദ്ര ആയി. ചെങ്ങഴിക്കോടൻ നേന്ത്രൻ നട്ടുവളർത്തി നല്ല തുടവും മിനുപ്പുമുള്ള കാഴ്ചക്കുലയാക്കി മാറ്റുന്നതിൽ അനുഭവസമ്പന്നരായ തൃശൂരെ വാഴക്കർഷകർ തങ്ങളുടേതായ ചില പൊടിക്കൈകൾ കൃഷിക്കാര്യങ്ങളിൽ പ്രയോഗിക്കുക പതിവാണ്. ഇത്തരം കൃഷിതന്ത്രങ്ങൾ ഇവരുടെ സ്വന്തവും വിജയരഹസ്യവുമാണ് എന്ന് പറയുന്നതിൽ തെറ്റില്ല. ഒരു മികച്ച കാഴ്ചക്കുലയ്ക്ക് 500 മുതൽ 1500-2000 രൂപ വരെ വിലയുണ്ട് എന്നറിയുക.

## വാഴഗവേഷണം

കേരളത്തിലെ ഒരേയൊരു വാഴഗവേഷണ കേന്ദ്രമാണ് തൃശൂർ ജില്ലയിൽ മാരാക്കലിനു സമീപം കണ്ണാറയിൽ പ്രവർത്തിക്കുന്നത്. വാഴയുടെ ഗവേഷണവും വിജ്ഞാനവ്യാപനവുമാണ് കേരള കാർഷിക സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ കേന്ദ്രത്തിന്റെ പ്രധാന ലക്ഷ്യം. വിവിധയിനം വാഴകളുടെ വിപുലമായ ഒരു ജനിതകശേഖരം ഇവിടെയുണ്ട്.

കൂടാതെ വിവിധയിനങ്ങളുടെ കന്നുകൾ ഇവിടെ നിന്ന് വാങ്ങാനും കഴിയും.

വിലാസം : വാഴഗവേഷണ കേന്ദ്രം, മാരാക്കൽ, കണ്ണാറ പി.ഒ, തൃശ്ശൂർ
ഫോൺ- 0487-2699087

**അനുബന്ധം**

കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ കേന്ദ്രങ്ങളിൽനിന്ന് മികച്ച വാഴക്കന്നുകൾ വാങ്ങാം. ഇവയുടെ വിലാസം നോക്കാം.

| | | |
|---|---|---|
| 1. | ബനാറ നഴ്സറി, പെരിങ്ങമല | 95472 2812418 |
| 2. | ജില്ലാ കൃഷിത്തോട്ടം, അഞ്ചൽ | 0475 2270447 |
| 3. | സ്റ്റേറ്റ് സീഡ് ഫാം, കൊട്ടാരക്കര | 0474 2045235 |
| 4. | സ്റ്റേറ്റ് സീഡ് ഫാം, അടൂർ | 04734 227868 |
| 5. | ജില്ലാ കൃഷിത്തോട്ടം, മാവേലിക്കര | 0479 2357690 |
| 6. | ജില്ലാ കൃഷിത്തോട്ടം, കോഴ, കോട്ടയം | 04822 234016 |
| 7. | ജില്ലാ കൃഷിത്തോട്ടം, ഇടുക്കി | 04862 278599 |
| 8. | സ്റ്റേറ്റ് വെജിറ്റബിൾ ഫാം, വണ്ടിപ്പെരിയാർ | 04869 253543 |
| 9. | ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം | 0485 2554416 |
| 10. | ജില്ലാ കൃഷിത്തോട്ടം, ചേലക്കര, തൃശ്ശൂർ | 9496003614 |
| 11. | ഹോർട്ടിക്കൾച്ചർ ഡവലപ്മെന്റ് ഫാം, മലമ്പുഴ | 0491 2815912 |
| 12. | സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി | 04931 240090/ 9947537375 |
| 13. | ജില്ലാ കൃഷിത്തോട്ടം, കൂത്താളി | 0496 2662264 |
| 14. | ജില്ലാ കൃഷിത്തോട്ടം, തളിപ്പറമ്പ | 0460 2203154 |
| 15. | സ്റ്റേറ്റ് സീഡ് ഫാം, കാസർഗോഡ് | 9446094810 |